പതിനാലാം കേരള നിയമസഭ

14-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *151 06.02.2019-ൽ മറുപടിയ്ക്ക്

# തീരപരിപാലന നിയമത്തിൽ ഇളവുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ :<br>ശ്രീമതി യു. പ്രതിഭ :<br>ശ്രീ.കെ. ആൻസലൻ<br>ശ്രീ.കെ. ദാസൻ : | **പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് തീരപരിപാലന-വുമായി ബന്ധപ്പെട്ടുണ്ടായിരുന്ന (CRZ) നിയന്ത്രണത്തെ തുടർന്ന് സാധാരണക്കാരായ തീരദേശവാസി-കൾക്കുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) i) തീരദേശ മേഖല നിയന്ത്രണ വിജ്ഞാപനം 2011 ലെ നിയന്ത്രണങ്ങൾ കാരണം സാധാരണക്കാരായ തീരദേശ വാസികൾക്ക് ബുദ്ധിമുട്ടുകൾ നിലവിൽ ഉണ്ടായിരുന്നു. ഇതു പഠിക്കുന്നതിനും പ്രയാസങ്ങൾ പരിഹരിക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഡോ.ഷൈലേഷ് നായിക് അധ്യക്ഷനായി കേന്ദ്ര സർക്കാർ നിയോഗിച്ച സമിതിയുടെ മുമ്പാകെ ഈ പ്രയാസങ്ങൾ യഥാസമയം ധരിപ്പിക്കുകയും സംസ്ഥാനത്തെ തീരദേശത്തെ ജനതയുടെ ഉത്കണ്ഠ ബോധ്യപ്പെടുത്തുകയും ചെയ്തു. സമിതി നൽകിയ ശിപാർശകൾ പരിഗണിച്ചു കൊണ്ട് കേന്ദ്ര വനം, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം 18/01/2019 ൽ പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>പുതിയ വിജ്ഞാപന പ്രകാരം സ്ക്വയർ കിലോമീറ്ററിൽ 2161 ൽ അധികം ആളുകൾ അധിവസിക്കുന്ന CRZ III A മേഖലയിൽ വികസന നിഷിദ്ധ മേഖല എന്നത് വേലിയേറ്റ രേഖയിൽ നിന്നും 200m എന്നത് |

50m ആയി കുറച്ചിട്ടുണ്ട്.

വേലിയേറ്റ സ്വാധീനമുള്ള കായൽ, തോട്, നദി മേഖലകളിൽ 2011 ൽ വികസന നിഷിദ്ധ മേഖല 100m ആയിരുന്നത് 50m ആയി കുറച്ചിട്ടുണ്ട്.

കായൽ ദ്വീപ് പ്രദേശങ്ങളിൽ ഈ മേഖല 2011 ൽ 50m ആയിരുന്നത് ഇപ്പോൾ 20m ആയി കുറച്ചു.

ii) കേരളത്തിലെ 10 തീരദേശ ജില്ലകളിലേയും തീരമേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്ലിയറൻസ് നൽകിയിരുന്നത് KCZMA യുടെ സ്റ്റേറ്റ് കമ്മിറ്റിയിൽ നിന്നായിരുന്നു. ഇതു വലിയ കാലതാമസത്തിന് ഇടയാക്കി. ഇതു പരിഹരിക്കുന്നതിനായി തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാ കമ്മിറ്റികൾക്ക് അധികാരങ്ങൾ വികേന്ദ്രീകരിച്ചു നൽകി.

iii) തീരദേശ പരിപാലന അതോറിറ്റിയിൽ 31/01/2019 വരെ കെട്ടികിടന്ന അപേക്ഷകളിൽ 4198 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 925 അപേക്ഷകളിൽ 791 അപേക്ഷകൾ അപൂർണ്ണമാണ്. തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാ കമ്മിറ്റികൾ വഴി 4811 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

iv) തീരദേശത്തെ നിയന്ത്രണങ്ങൾ കാരണം സർക്കാർ ധനസഹായം ലഭിക്കുന്ന പദ്ധതികളിലുൾപ്പെടെ വീടു നിർമ്മിക്കാൻ തടസ്സങ്ങൾ നിലനിന്നിരുന്നു. ഇതു പരിഹരിക്കുന്നതിനായി വികസന നിഷിദ്ധ മേഖലയിലെ ഗൃഹ നിർമ്മാണത്തിന് പ്ലിന്ത്

ഏരിയ പരമാവധി $60m^2$ എന്നത് $66m^2$ ആയും പിന്നീട് $100m^2$ ആയും ഉയർത്തി നിശ്ചയിച്ചു.

(ബി) പരമ്പരാഗതമായി തീരദേശത്ത് താമസിച്ചുവരുന്നവരുടെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടനമ്പർ നൽകിയിട്ടുള്ളതും കരം ഒടുക്കിവരുന്നതുമായ, പഴയ വീടുകൾ പൊളിച്ചുമാറ്റി അതേ സ്ഥാനത്ത് പുതിയ വീടുകൾ വെയ്ക്കുന്നതിനുണ്ടായിരുന്ന തടസ്സം മാറ്റുന്നതിന് തീരദേശ പരിപാലന നിയമത്തിൽ വരുത്തിയിട്ടുള്ള ഇളവുകളിലൂടെ കഴിഞ്ഞിട്ടുണ്ടോ;

(ബി) നിയമാനുസൃതമായി നിശ്ചയിക്കപ്പെട്ട രീതിയിൽ പുതുക്കി പണിയാവുന്നതാണ്.

(സി) സംസ്ഥാനത്ത് തീരപരിപാലനവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന നിയന്ത്രണങ്ങളിൽ വരുത്തിയിട്ടുള്ള ഇളവുകൾ സംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങൾക്ക് വ്യക്തമായ നിർദ്ദേശം നൽകുന്നതിനും തുടർനടപടികൾ വേഗത്തിലാക്കുന്നതിനും തീർപ്പുകൽപ്പിക്കുന്നതിനായി മാറ്റിവെച്ചിരുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ പരിഗണിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

(സി) 18/01/2019 ൽ പുറപ്പെടുവിച്ച പുതിയ തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനമനുസരിച്ച് നിയന്ത്രണങ്ങളിൽ വരുത്തിയിട്ടുള്ള ഇളവുകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ അടിയന്തിരമായി നടപ്പിലാക്കേണ്ട കാര്യങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു. ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

മേഖലയുടെ പുനർനിർണ്ണയം അടക്കമുള്ള കാര്യങ്ങളിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ഇതു പൂർത്തിയാകുന്ന മുറയ്ക്ക് ഇതിന്റെ ഗുണഫലം തീരദേശ വാസികൾക്ക് ലഭ്യമാകും.

സെക്ഷൻ ഓഫീസർ

അനുബന്ധം

1) പുതിയ വിജ്ഞാപനമനുസരിച്ചുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP) തയ്യാറാക്കുന്നതിന് MoEF&CC യുടെ നിയമാനുസൃതമായിട്ടുള്ള ഏജൻസിയും, 2011 ലെ CZMP തയ്യാറാക്കിയതുമായ National Centre for Earth Science Studies (NCESS) നിർദ്ദേശം നൽകണം.

2) 2011 ലെ CZMP – നെ അടിസ്ഥാനമാക്കികൊണ്ട് വേലിയേറ്റ രേഖയിൽ നിന്നും 100m, 50m, 20m, 10m രേഖ വരയ്ക്കണം.

3) 2011 ലെ ജനസംഖ്യാ സാന്ദ്രത അനുസരിച്ച് CRZ III A യിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തി CZMP ൽ ഉൾപ്പെടുത്തണം.

4) ഇക്കാര്യങ്ങളുടെ അടിസ്ഥാനത്തിൽ 10 തീരദേശ ജില്ലകളിൽ പബ്ലിക് ഹിയറിംഗ് നടത്തണം.

5) പബ്ലിക് ഹിയറിംഗിൽ ലഭിച്ച അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കരട് മാപ്പ് തയ്യാറാക്കി സംസ്ഥാന സർക്കാരിന്റെയും കേരള തീരദേശ പരിപാലന അതോറിറ്റിയുടെയും ശിപാർശയോടു കൂടി കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അയയ്ക്കണം.

6) ആയത് അംഗീകരിച്ച് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണം.

സെക്ഷൻ ഓഫീസർ